"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതി ഇനത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.149/2025/CLAD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. സ.ഉ.(പി) നം.62/2018/ധന തീയതി 16.04.2018
2. 19.09.2018-ലെ നം.86/2018/ധന നമ്പർ പരിപത്രം
3. സ.ഉ.(കൈ) നം.04/2020/ധന തീയതി 09.01.2020
4. 01.04.2020-ലെ 20/2020/ധന നമ്പർ പരിപത്രം
5. 04.01.2021-ലെ 1/2021/ധന നമ്പർ പരിപത്രം
6. സ.ഉ.(സാധാ) നം.279/2024/സാം.കാ.വ തീയതി 03.06.2024
7. സ.ഉ.(സാധാ) നം.341/2024/സാം.കാ.വ തീയതി 02.07.2024
8. സ.ഉ.(പി) നം.76/2024/ധന തീയതി 31.08.2024
9. സ.ഉ.(സാധാ) നം.712/2024 സാം.കാ.വ തീയതി 13.12.2024
10. സ.ഉ.(സാധാ) നം.736/2024 സാം.കാ.വ തീയതി 24/12/2024
11. വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.12.2024-ലെ പി-321/2024/വിവിജി നമ്പർ കത്ത്.
12. സ.ഉ.(സാധാ) നം.17/2025 സാം.കാ.വ തീയതി 13/01/2025
13. വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറുടെ .14/02/2025-ലെ പി-321/2024/വിവിജി നമ്പർ കത്ത്
14 12.06.2024-ലെ 35/2024/ധന നമ്പർ പരിപത്രം

**ഉത്തരവ്**

വാസ്തുവിദ്യാഗുരുകുലത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ പ്രവർത്തന ചെലവുകൾക്കായി ബഡ്ജറ്റിൽ 2205-00-102-68-36 (പ്ലാൻ) ശീർഷകത്തിൽ 1,20,00,000/- (ഒരു കോടി ഇരുപത് ലക്ഷം രൂപ) പരാമർശം (6) പ്രകാരം സർക്കാർ വകയിരുത്തിയിരുന്നു. എന്നാൽ, പരാമർശം (10) പ്രകാരം വാസ്തുവിദ്യാഗുരുകുലത്തിന്റെ 2024-25 പദ്ധതി വിഹിതം 60 ലക്ഷമായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിനിടയിൽ പരാമർശം (7), (12) എന്നിവ പ്രകാരം പ്രവർത്തന ചെലവുകൾക്കായി 24 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു.

പരാമർശം (13) പ്രകാരം വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ മൂന്നാം ഗഡുവിനുള്ള

ശിപാർശ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാസ്തുവിദ്യാ ഗുരുകുലത്തിന് 2024-25 സാമ്പത്തിക വർഷത്തിൽ 2205-00-102-68-36 (പ്ലാൻ) ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 12,00,000/-രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചും പ്രസ്തുത തുക വാസ്തുവിദ്യാഗുരുകലം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് റിലീസ് ചെയ്ത് നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (5) പരിപത്രത്തിലെ വ്യവസ്ഥകൾക്കും നിബന്ധകൾക്കും വിധേയമായി പ്രസ്തുത തുക വാസ്തുവിദ്യാഗുരുകുലത്തിന്റെ പത്തനംതിട്ട കോഴഞ്ചേരി സബ് ട്രഷറിയിലുള്ള 799012700001493 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ വിശദാംശങ്ങൾ വാസ്തുവിദ്യ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം നിശ്ചിത പ്രൊഫോർമയിലുള്ള ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും സർക്കാരിനും പ്രിൻസിപ്പിൽ അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, വാസ്തുവിദ്യാഗുരുകുലം ആറന്മുള, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട്, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസം-സി) വകുപ്പ് ( 19.03.2025-ലെ EDN C3/202/2024/Fin നം. ഫയൽ റിമാർക്ക്സ് പ്രകാരം)

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ /ആഫീസ് പകർപ്പ് (സി2/116/2024/സാം.കാ.വ)

ഉത്തരവിൻ പ്രകാരം

Signed by

Sunitha Sadasivan

Date: 20-03-2025 14:12:39

സെക്ഷൻ ഓഫീസർ